# കൊല്ലത്തെ കേരകർഷകനു നീരയിലൂടെ മാസവരുമാനം 87,537 രൂപ

കൊച്ചി: കൊല്ലം മൈനാഗപ്പള്ളിയിലെ കേരകർഷകനായ മാധവൻകുട്ടിക്കു തന്റെ 17 മൂട് തെങ്ങ് നീര ചെത്താൻ നൽകിയതിലൂടെ ഒരു മാസം കിട്ടിയ വരുമാനം 87,537 രൂപ.

ഒരു തെങ്ങിൽനിന്ന് ഒരുമാസം കിട്ടിയ നീരയാകട്ടെ 97 ലിറ്റർ. മറ്റു കർഷകർക്കും ഇതേ അനുപാതത്തിൽ തെങ്ങുകളുടെ എണ്ണത്തിനനുസരിച്ചുള്ള വരുമാനം ലഭിച്ചിട്ടുണ്ട്.

കൊല്ലം ജില്ലയിലെ 480 തെങ്ങുകളിൽനിന്നു രണ്ടു നേരം ചെത്തിയപ്പോൾ പ്രതിമാസം 110 മുതൽ 150 ലിറ്റർ നീര ലഭിച്ചു. ഇതിൽ 400 ലിറ്റർ നീര തേനായി മാറ്റിക്കഴിഞ്ഞു. കൂടാതെ 47 കിലോ നീര ജാമും തയാറാക്കി.

കൊല്ലത്തെ ആശ്രാമം മൈതാനത്ത് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന മേളയിലെ വനിതാമാക്സിന്റെ സ്റ്റാളിൽ നീര ഡ്രിങ്ക് ലഭ്യമാണ്. വില 200 മില്ലി ലിറ്ററിന് 25 രൂപ. തുടർന്നുള്ള മാസങ്ങളിൽ എക്സൈസ് വകുപ്പ് മാർക്കുചെയ്ത മറ്റു കർഷകരുടെ തെങ്ങുകൾ നീരയ്ക്കായി ചെത്തും.

പാലക്കാടു മുതലമടയിലെ കർഷകനായ ടോം തോമസിന് ഒന്നര മാസംകൊണ്ടു ലഭിച്ചത് 55,000 രൂപയാണ്. 17 തെങ്ങുകളിൽനിന്നാണിത്. മറ്റൊരു കർഷകനായ പെരിയപതിക്കാട് സ്വദേശി ഉതുപ്പിന്റെ 11 തെങ്ങുകൾക്ക് ഒന്നരമാസത്തെ പ്രതിഫലം 22,879 രൂപയും ഇടുക്കിപ്പാറ സ്വദേശി ഫാ. തോമസിന് പത്തു തെങ്ങുകൾക്ക് 11,599 രൂപയും ലഭിച്ചു.